**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5906** **25-03-2025 - ൽ മറുപടിയ്ക്ക്**

**ഖാദി-ഗ്രാമ വ്യവസായ മേഖലയ്ക്ക് അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഖാദി-ഗ്രാമ വ്യവസായ മേഖലയിലെ വിവിധ പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും എത്ര തുക അനുവദിച്ചുവെന്നും ഏതൊക്കെ ഇനങ്ങളിലായി എത്ര തുക വീതം ചെലവഴിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ? | (എ) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ പദ്ധതികൾക്കായി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി ഇനത്തിൽ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങളുടെ പട്ടിക **അനുബന്ധമായി** ചേർത്തിരിക്കുന്നു.<br><br>ഇതിനുപുറമേ തൊഴിൽ-നൈപുണ്യ വകുപ്പിന്റെ വരുമാന പൂരക പദ്ധതി പ്രകാരം പ്ലാൻ ഇനത്തിൽ 3500 ലക്ഷം രൂപ അനുവദിക്കുകയും 3500 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. കൂടാതെ പദ്ധതിയേതര റിബേറ്റിനത്തിൽ **1500** ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും **1500** ലക്ഷം രൂപ അനുവദിക്കുകയും ടി തുക ചെലവഴിക്കുകയും ചെയ്തു.<br><br>പദ്ധതിയേതര എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റിനത്തിൽ 5996.20 ലക്ഷം രൂപയും (ബഡ്ജറ്റ് വിഹിതം 4646.20 ലക്ഷം രൂപ + അധികമായി വകയിരുത്തിയ 1350 ലക്ഷം രൂപ) ഖാദി ബോർഡിന് 2024-25-ൽ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

(തുക ലക്ഷത്തിൽ)

| ക്രമ നം | പദ്ധതി | ബഡ്ജറ്റിൽ വകയിരുത്തിയ തുക | അനുവദിച്ച തുക | ചെലവഴിച്ച തുക | |
|---|---|---|---|---|---|
| 1 | പ്രത്യേക തൊഴിൽദാന പദ്ധതി | 280 | 279.66 | 279.66 | |
| 2 | വകുപ്പുതല ഖാദി ഉൽപാദന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും നവീകരണവും | 150 | 73.05 | 3.05 | 12-3-2025 ലെ G.O(Rt)No.278/ 2025/ID പ്രകാരം 70 ലക്ഷം രൂപ റിലീസ് ചെയ്ത് ഉത്തരവായിട്ടുണ്ട്. |
| 3 | ഖാദി ബോർഡിന്റെ നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങളുടേയും സംഭരണ ശാലകളുടേയും ആധുനികവൽക്കരണം. | 120 | 35 | 35 | 5 ലക്ഷം 2023-24-ലെ Resumption തുക |
| 4 | വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ വികസനവും ശക്തിപ്പെടുത്തലും | 50 | 0 | 0 | |
| 5 | ഖാദി പട്ടുനൂൽ നെയ്ത്ത് പദ്ധതി | 60 | 18 | 18 | |
| 6 | വാർത്താ വിതരണവും | 100 | 20 | 20 | |

| | | | | | |
|---|---|---|---|---|---|
| | പ്രചരണവും പരിശീലനവും. | | | | |
| 7 | ഖാദി സഹകരണ സംഘങ്ങൾക്ക് /സ്ഥാപനങ്ങൾക്ക് ധനസഹായം | 100 | 0 | 0 | |
| 8 | ഖാദി ബോർഡ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം | 60 | 0 | 0 | |
| 9 | ഖാദി നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉല്പാദന പ്രോൽസാഹനവും ഉൽസവ ബത്തയും | 560 | 560 | 316.50 | 18-3-2025 ലെ G.O (Rt) No.300/2025/ ID പ്രകാരം 243.5 ലക്ഷം രൂപ റിലീസ് ചെയ്ത് ഉത്തരവായിട്ടുണ്ട്. |
| | **ആകെ** | **1480** | **985.71** | **672.21** | |